## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.142 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മുട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ ഇ-മാലിന്യം എത്തിക്കുന്ന കമ്പനികളെ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | വിദേശ രാജ്യങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ എത്തുന്നത് തടയുന്നകാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമാണ്. വിദേശരാജ്യങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് എത്തുന്നുവെന്ന് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. |
| (സി) | സംസ്ഥാനത്തിനകത്തുള്ള ഇ-മാലിന്യം സംസ്കരിക്കാൻ കുറ്റമറ്റ സംവിധാനം നിലവിലില്ലാത്ത സാഹചര്യത്തിൽ വിദേശ ഇ-മാലിന്യങ്ങൾ എത്താനുള്ള സാദ്ധ്യത ഇല്ലാതാക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ